ബാലരാമപുരം പോലീസിന്റെ അന്വേഷണത്തിൽ നാലുപേർ മാത്രമേ സംഭവത്തിൽ ഉൾപ്പെട്ടിട്ടുള്ളൂ എന്നു വെളിവായിട്ടുള്ളതിനാൽ കൂടുതൽ പ്രതികളെപ്പറ്റി അന്വേഷണം നടത്തി അറസ്റ്റുചെയ്തിട്ടില്ല.

(എഫ്) പരാതിയിന്മേൽ അന്വേഷണം നടത്തി പരാതിക്ക് പരിഹാരം കണ്ടെത്തിയിട്ടുണ്ട്.

(ജി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്) ലളിതയ്ക്ക് ഭീഷണി ഉണ്ടാകാതിരിക്കുവാൻ ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

57 (1652) അബ്ദുൾ സലാമിനെ തട്ടിക്കൊണ്ടുപോയതായി പരാതി

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പനച്ചി എന്ന സ്ഥലത്തുള്ള ശ്രീ. അബ്ദുൽസലാമിനെ തട്ടിക്കൊണ്ടുപോയതായി മഞ്ചേരി പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മഞ്ചേരി പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ക്രൈം നമ്പർ എത്ര;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്;

(ഡി) അബ്ദുൽ സലാമിന് മർദ്ദനം ഏറ്റതാണെന്ന അറിയിപ്പ് ജില്ലാ ആശുപത്രിയിൽനിന്നും ലഭിച്ചിരുന്നുവോ;

(ഇ) ഉണ്ടെങ്കിൽ അതിന്മേൽ കേസ്സ് രജിസ്റ്റർ ചെയ്ത് എന്തു തുടർനടപടികൾ എടുത്തു;

(എഫ്) അബ്ദുൽ സലാമിന്റെ മൊഴി രേഖപ്പെടുത്തിയിരുന്നുവോ; ഉണ്ടെങ്കിൽ ഏത് ഉദ്യോഗസ്ഥനാണ് രേഖപ്പെടുത്തിയത്?

ഉത്തരം

(എ) മലപ്പുറം ജില്ലാ പോലീസ് സൂപ്രണ്ടിന് പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ക്രൈം 691/99 യു/എസ് 363,342,323,502(11), 465 ആർ/ഡബ്ല്യു 34 ഐ.പി.സി.

(സി) ഉദിക്കുന്നില്ല.

(ഡി) ലഭിച്ചിരുന്നു.

(ഇ) കേസ്സന്വേഷണം നടത്തിവരുന്നു.

(എഫ്) മഞ്ചേരി പോലീസ്സ്റ്റേഷനിലെ ഹെഡ് കോൺസ്റ്റബിൾ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്.

58 (1653) അബ്ദുൽ സലാമിനെ മർദ്ദിച്ച സംഭവം

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) മഞ്ചേരിയിലുള്ള തൃപ്പനച്ചി അബ്ദുൽസലാമിനെ തട്ടിക്കൊണ്ടു പോയത് സംബന്ധിച്ചും മർദ്ദിച്ചത് സംബന്ധിച്ചും മലപ്പുറം ജില്ലാ പോലീസ് സൂപ്രണ്ടിന് പരാതി ലഭിച്ചിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ കുറ്റക്കാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അന്വേഷണ ഉദ്യോഗസ്ഥൻ ആരാണ്; ഈ കേസിന്റെ ക്രൈം നമ്പർ എത്ര എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) മഞ്ചേരി പോലീസ് സ്റ്റേഷനിൽ ക്രൈം 691/99 യു/എസ് 363, 342,323, 506(11) 465, ആർ/ഡബ്ല്യു 34 ഐ.പി.സി. ആയി രജിസ്റ്റർ ചെയ്ത് പ്രസ്തുത കേസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ അന്വേഷിച്ചുവരുന്നു.

59 (1654) ഇടുക്കിയിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ആളെ ആക്രമിച്ചതായി പരാതി

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇടുക്കി ജില്ലയിൽ കട്ടപ്പന പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട പ്രകാശ് എന്ന സ്ഥലത്ത് പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ആരെയെങ്കിലും ദേഹോപദ്രവം ചെയ്തതായി പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണ് കേസ്സിനാസ്പദമായ സംഭവങ്ങൾ;

(ബി) ആരെല്ലാമാണ് ഈ കേസ്സിലെ പ്രതികൾ; ഇതു സംബന്ധിച്ച് ഇതുവരെ എന്ത് നടപടി സ്വീകരിച്ചു;

(സി) പ്രസ്തുത കേസ്സ് അന്വേഷിക്കുന്നത് ആരെല്ലാം?

ഉത്തരം

(എ) ഉണ്ട്. ഇടുക്കി ജില്ലയിലെ ഉപ്പുതോട് വില്ലേജിൽ പ്രകാശ്കര യിൽ മാടപ്രദേശത്ത് മൂലേപ്പറമ്പിൽ വീട്ടിൽ ബിജുവിനോടുള്ള മുൻ വിരോധം നിമിത്തം 30.11.1999-ൽ പകൽ 12.30 മണിക്ക് എതിർ കക്ഷികൾ ടിയാനെ ദേഹോപദ്രവം ഏൽപ്പിക്കണമെന്ന ഉദ്ദേശ്യത്തോടും കരുതലോടുംകൂടി പ്രതികളായ ടോമി എന്ന ഫിലിപ്പ് വർഗ്ഗീസ്, ജോയി എന്നിവർ പരാതിക്കാ രന്റെ വീട്ടിൽ കുറ്റകരമായി പ്രവേശിച്ച് 1-ാം പ്രതി പരാതിക്കാരനെ അനാവശ്യം പറഞ്ഞ് വീട്ടിൽനിന്നും പിടിച്ചിറക്കി ഇടതു കരണത്ത് കൈകൊ ണ്ടടിക്കുകയും, 2-ാം പ്രതി വട്ടം കയറി പിടിച്ച് നിലത്തിട്ട് ഒന്നാം പ്രതി കല്ലു കൊണ്ടിടിക്കുകയും തടസ്സം പിടിച്ച സഹോദരി ഷിജിയെ 2-ാം പ്രതി നടുവിനു ചവിട്ടിയും, ഇടത് തോളത്ത് കൈകൊണ്ടിടിച്ചിട്ടുമുണ്ടെന്നുള്ള പരാ തിയാണ് കേസ്സിനാസ്പദമായ സംഭവം.

(ബി) ഉപ്പുതോട് വില്ലേജിൽ പ്രകാശ്കരയിൽ കപ്പുമാവുങ്കൽ വീട്ടിൽ വർഗ്ഗീസ് മകൻ ടോമി എന്ന ഫിലിപ്പ് വർഗ്ഗീസ്, ടി ഭാഗത്ത് ഐപ്പർ പറമ്പിൽ

LIBRARY ARCHIVES Kerala Legislative Assembly